(b) has any estimate been prepared for the same; and

(c) will that work be executed during this financial year?

Answer.

(a) Yes.

(b) Yes.

(c) Steps are being taken to complete the work before the end of this year.

മിഡ്‌വൈഫ്.

245. [12] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട താലൂക്കിൽ മല്ലപ്പുഴശ്ശേരി പഞ്ചായത്തിലേയ്ക്ക് ഒരു മിഡ്‌വൈഫിനെ നിയമിക്കുമോ;

(ബി) അതിനെപ്പറ്റി വല്ല നിവേദനവും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ?

ഉത്തരം

(എ) 1955-56 സാമ്പത്തികവർഷത്തിൽ അവിടെ ഒരു മിഡ്‌വൈഫിനെ നിയമിക്കുന്ന കാര്യം ആലോചിക്കാം.

(ബി) ഉണ്ട്.

ആയുർവേദാശുപത്രി.

246. [13] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട താലൂക്കിലുള്ള ഓമല്ലൂർ പകുതിയിലെ ജനങ്ങളുടെ ആവശ്യത്തിനു ഒരു ആയുർവേദാശുപത്രിയോ, അല്ലെങ്കിൽ ഒരു ആയുർവേദ ഡിസ്പെൻസറിയോ ഗവണ്മെൻറ് അനുവദിക്കുമോ;

(ബി) ഇതേപ്പറ്റി വല്ല നിവേദനവും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ?

ഉത്തരം.

(എ) അക്കാര്യം അടുത്ത സാമ്പത്തിക വർഷത്തിൽ ആലോചിക്കുന്നതാണ്.

(ബി) ഉണ്ട്.

റോഡുപണി.

247. [14] ശ്രീ. സി. കൊച്ചുകുഞ്ഞു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്കിൽ ആയൂർ ചുണ്ടയിൽ റോഡിൻറെ പണി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ റോഡിൻറെ പണി പൂർത്തിയാക്കുന്നതിനു എന്നു കാലതാമസമുണ്ടാകും;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത റോഡിന്റെ ഒരുവശത്തുകൂടി ഒഴുകുന്ന ഇത്തിക്കര ആറിലെ വെള്ളപ്പൊക്കം നിമിത്തം റോഡ് ഇടിഞ്ഞു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ വാഹനങ്ങൾക്ക് പോകുവാൻ നിവൃത്തിയില്ലെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം.

(എ) ഇല്ല.

(ബി) ഇപ്പോൾ കൃത്യമായി പറയാൻ നിവൃത്തിയില്ല.

(സി) ഉണ്ട്.

കടമ്മനിട്ട സർക്കാർ ആശുപത്രി.

248. [15] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട താലൂക്കിൽ കടമ്മനിട്ട സർക്കാർ ആശുപത്രിക്കു ഒരു വാർഡ് പണിയിക്കുവാൻ ഗവണ്മെന്റിനു് ദയവുണ്ടാകുമോ ;

(ബി) ഇതേപ്പറ്റി വല്ല നിവേദനവും ഗവണ്മെന്റിനു് കിട്ടിയിട്ടുണ്ടോ ?

ഉത്തരം.

(എ) പുതിയ ബഡ്ജറ്റിന്റെ നിലപാട് അനുസരിച്ചു് ആലോചിക്കാം.

(ബി) ഇല്ല.

റോഡുകളുടെ പണി.

249. [16] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താഴെ പറയുന്ന റോഡുകളുടെ പണി ഏതു നിലയിലിരിക്കുന്നു ;

മേലുകര—റാന്നിറോഡ്

കോഴഞ്ചേരി—മണ്ണാറക്കുളഞ്ഞി റോഡ്

ഉതിമൂട്—പേരൂച്ചാൽ റോഡ്.

(ബി) ടി റോഡുകളുടെ പണി എന്നു പൂർത്തിയാകും?

ഉത്തരം.

(എ) 1. മേലുകര—റാന്നി റോഡ് മുന്നരമൈൽ ദൂരം നന്നാക്കിയിട്ടുണ്ട്.

2. കോഴഞ്ചേരി—മണ്ണാറക്കുളഞ്ഞി റോഡിൽ ആറരമൈൽ ദൂരം ഇതിനകം ജോലി പൂർത്തിയാക്കിയിട്ടുണ്ട്.

3. ഉതിമൂട്—പേരൂച്ചാൽ റോഡിന്റെ ജോലികൾ പൂർത്തിയായി.

(ബി) ബാക്കി പണി എന്നു പൂർത്തിയാകുമെന്നു് പറയുവാൻ ഇപ്പോൾ സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly